**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 733** **26-07-2021 - ൽ മറുപടിയ്ക്ക്**

**പാലിയേക്കരയിൽ തദ്ദേശീയരായ യാത്രക്കാർക്ക് അനുവദിച്ചിട്ടുള്ള സൗജന്യ യാത്രാപാസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാതയിലെ പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പാലിയേക്കര ടോൾ പ്ലാസയിൽ, തദ്ദേശീയരായ യാത്രക്കാർക്ക് അനുവദിച്ചിട്ടുള്ള സൗജന്യ യാത്രാപാസ്സ് പുതുക്കുന്നതിനായി മൂന്ന് മാസം കൂടുമ്പോൾ വാഹനങ്ങളുടെ ആർ.സി. ബുക്കിന്റെയും ആറ് മാസം കൂടുമ്പോൾ റെസിഡന്റ്സ് സർട്ടിഫിക്കറ്റിന്റെയും കോപ്പികൾ നൽകണം എന്ന നിലവിലെ നിബന്ധന കോവിഡ് വ്യാപന സാധ്യത കണക്കിലെടുത്ത് സൗജന്യയാത്രാപാസ്സ് വർഷത്തലൊരിക്കലാക്കി പുതുക്കി നിശ്ചയിക്കുന്നതിനും ആയത് ഓൺലൈനായി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുന്നതിന് സർക്കാർ ഇടപെടൽ നടത്തുമോ? | (എ) | നിലവിൽ റസിഡൻസ് സർട്ടിഫിക്കറ്റിന്റെ കാലാവധി ആറുമാസമായതിനാലാണ് സൗജന്യ പാസ് ആറു മാസത്തേക്കാക്കിയിട്ടുള്ളത്. ഇളവ് ആവശ്യമായ എല്ലാ രേഖകളും ടോൾ പ്ലാസാ നടത്തിപ്പുകാർ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൊടുങ്ങല്ലൂരിനും, എൻ.എച്ച്.എ.ഐ.-ക്കും പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിനായി കൊടുക്കേണ്ടതാണ്. അതിനാൽ ഓൺലൈൻ വഴി അപേക്ഷ സ്വീകരിക്കുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ